# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3798

### 15-03-2017 ൽ മറുപടിക്ക്

### സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| --- | --- |
| അടിസ്ഥാന സൗകര്യ വികസനത്തിനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനും ഊന്നൽ നൽകിക്കൊണ്ട് സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും സമ്പൂർണ്ണ സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ഉള്ള ഒരു കർമ്മ പരിപാടിയാണ് 2016-17 ബജറ്റ് പ്രഖ്യാപനത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ്. പാവങ്ങൾ പണിയെടുക്കുന്ന തൊഴിൽത്തുറകളുടെ സംരക്ഷണവും അതോടൊപ്പം സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടുകൊണ്ടാണ് 20,000 കോടി രൂപ ചെലവുകളുൾപ്പെടുന്ന ഈ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. 2017-18 ബഡ്ജറ്റിൽ 25,000 കോടി രൂപയുടെ മറ്റൊരു പാക്കേജിനും രൂപം നൽകിയിട്ടുണ്ട്. ഇതിനുള്ള വിഭവ സമാഹരണം നടത്തുന്നതിനായി സുസ്ഥിരമായ വരുമാനം സർക്കാരിൽ നിന്ന് ഉറപ്പുവരുത്തിക്കൊണ്ട് ബജറ്റിനു പുറത്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.<br>ഇപ്രകാരം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും കേരളത്തിലെ ഒട്ടാകെയുള്ള ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനവും കേരള സമ്പദ് ഘടനയെ ഉത്തേജിപ്പിച്ചുകൊണ്ട് യാഥാർത്ഥ്യമാക്കുന്നതിനായി 1999 ൽ സ്ഥാപിതമായ |

| | |
|---|---|
| | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്ന ധനകാര്യ സ്ഥാപനത്തിന്റെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുകയും സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ഇപ്രകാരം സമാഹരിച്ചുകൊണ്ടിരിക്കുന്ന നിക്ഷേപങ്ങൾ ഉപയോഗിച്ച് മേൽസൂചിപ്പിച്ച രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടപ്പിലാക്കൽ പുരോഗമിച്ചു വരുന്നു.<br>സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചില പദ്ധതികൾ ഇപ്രകാരമാണ്:<br>1. ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്കു വേണ്ടിയുള്ള ചെറുകിട-ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുക<br>2. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിൽ നിന്ന് മലയോര ഗ്രാമങ്ങളിലെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ ഉചിതമായ വേലിനിർമ്മാണം.<br>3. ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക<br>4. 8 മുതൽ 12 വരെയുള്ള ക്ലാസുകൾ വൈദ്യുതീകരണം, നവീകരണം, അടച്ചുറപ്പ് എന്നിവയുൾപ്പെടെ ഹൈടെക് ആക്കുക<br>5. ജി.വി.രാജ കണ്ണൂർ സ്പോർട്സ് സ്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം<br>6. പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ |

| | |
|---|---|
| | വികസനം<br>7. ആശുപത്രികളുടെ നവീകരണം<br>8. പത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണം<br>9. ഗതാഗത സൗകര്യ വികസനം<br>10. എല്ലാ പഞ്ചായത്തുകളിലും ഓരോ കളിക്കളം<br>11. പട്ടിക ജാതി-പട്ടിക വർഗ്ഗ വകുപ്പിനു കീഴിൽ ട്രസ്റ്റിന്റെ കോഴിക്കോട് കാമ്പസ്<br>12. കോട്ടയം മേഖലയിലെ ജലഗതാഗതം നവീകരിക്കൽ<br>13. മുടങ്ങിക്കിടക്കുന്നതും കാര്യക്ഷമത നഷ്ടപ്പെട്ടതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കുക<br>തുടങ്ങി സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള ജനവിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനുള്ള വിവിധ പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**